# Telephonic conversation between External Affairs Minister Dr. S. Jaishankar and Foreign Minister of UAE HH Sheikh Abdullah bin Zayed Al Nahyan

January 18, 2022

## വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറും യുഎഇ വിദേശകാര്യ മന്ത്രി ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാനും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

ജനുവരി 18, 2022

വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ ഇന്ന് യുഎഇ വിദേശകാര്യ മന്ത്രി ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാനുമായി ടെലിഫോണിൽ സംഭാഷണം നടത്തി. രണ്ട് ഇന്ത്യൻ പൗരന്മാർ കൊല്ലപ്പെടാനിടയായ, യുഎഇയിൽ ഇന്നലെ നടന്ന ഭീകരാക്രമണത്തെ കുറിച്ച് ഇരുവരും ചർച്ച ചെയ്തു.

ആക്രമണത്തിന്റെ വിശദാംശങ്ങൾ യുഎഇ വിദേശകാര്യ മന്ത്രി ഇന്ത്യൻ വിദേശകാര്യമന്ത്രിയുമായി പങ്കുവച്ചു. രണ്ട് ഇന്ത്യക്കാരുടെ മരണത്തിൽ യുഎഇ സർക്കാരിന്റെ അഗാധമായ അനുശോചനം അദ്ദേഹം അറിയിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് യുഎഇ സർക്കാർ പൂർണ്ണ പിന്തുണ നൽകുമെന്ന് അദ്ദേഹം ഉറപ്പ് നൽകി. ഇക്കാര്യത്തിൽ ഇന്ത്യൻ എംബസിയുമായി അദ്ദേഹത്തിന്റെ അധികാരികൾ തുടർച്ചയായി ബന്ധപ്പെടുന്നുണ്ട്.

തന്റെ പരാമർശത്തിൽ, ഭീകരാക്രമണത്തെ ശക്തമായ ഭാഷയിൽ തന്നെ വിദേശകാര്യമന്ത്രി അപലപിച്ചു. ഇക്കാലത്ത്, നിരപരാധികളായ സാധാരണക്കാർക്ക് നേരെയുള്ള ഇത്തരമൊരു ആക്രമണം പൂർണ്ണമായും അംഗീകരിക്കാനാവില്ലെന്നും എല്ലാ പരിഷ്കൃത മാനദണ്ഡങ്ങൾക്കും വിരുദ്ധമാണ് ഇതെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. ഈ ദാരുണമായ സാഹചര്യത്തോട് പ്രതികരിക്കുന്നതിന് യുഎഇ അധികൃതർ എംബസിക്ക് നൽകിയ അടിയന്തര സഹായത്തെ വിദേശകാര്യമന്ത്രി അഭിനന്ദിച്ചു.

ഇത്തരമൊരു ആക്രമണത്തെ അഭിമുഖീകരിച്ച യുഎഇയോട് ഇന്ത്യയുടെ ശക്തമായ ഐക്യദാർഢ്യവും വിദേശകാര്യമന്ത്രി അറിയിച്ചു. ഭീകരതയ്ക്കെതിരായ തത്വാധിഷ്ഠിത നിലപാട് കണക്കിലെടുത്ത്, ഈ വിഷയത്തിൽ ഇന്ത്യ അന്താരാഷ്ട്ര വേദികളിൽ യുഎഇയ്ക്കൊപ്പം നിൽക്കും.

മരിച്ചവരുടെ മൃതദേഹങ്ങൾ ഇന്ത്യയിലേക്ക് തിരികെ കൊണ്ടുവരുന്നത് സംബന്ധിച്ച് വിദേശകാര്യ മന്ത്രാലയം അബുദാബിയിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ടിട്ടുണ്ട്. എംബസി കുടുംബങ്ങളുമായി ഏകോപിപ്പിക്കുന്നുണ്ട്. പരിക്കേറ്റവർക്ക് ആവശ്യമായ എല്ലാ സഹായവും അവർ ചെയ്തിട്ടുണ്ട്.

ന്യൂ ഡൽഹി
ജനുവരി 18, 2022

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.